ആത്മനൈവേദ്യമായി കരിക്കകം പൊങ്കാല

തിരുവനന്തപുരം: തിളയ്ക്കുന്ന വെയിലിനെ പോലും മറന്ന് മീനമാസത്തിലെ മകം നാളായ ഇന്നലെ ആയിരക്കണക്കിന് ഭക്തർ കരിക്കകത്തമ്മയ്ക്ക് പൊങ്കാലയർപ്പിച്ചു. വ്രതശുദ്ധിയോടെ ദേവിയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ച ആയിരങ്ങളുടെ മനസ് നിറച്ച് പൊങ്കാലക്കലങ്ങൾ തിളച്ചുതൂകി.

പുലർച്ചെ 4.20ന് ദേവിയെ പള്ളിയുണർത്തിയതോടെയാണ് പൊങ്കാലയർപ്പണച്ചടങ്ങുകൾക്ക് തുടക്കമായത്. തുടർന്ന് പതിവ് പൂജകൾ. 8.30ന് പന്തീരടി പൂജയും തുടർന്ന് നവകവും കലശാഭിഷേകവും നടന്നു. പ്രാർത്ഥനയും ഭക്തിയും നിറഞ്ഞ അന്തരീക്ഷത്തിൽ 10.15ന് ക്ഷേത്രം തന്ത്രി പുലിയന്നൂർ ഇല്ലത്ത് നാരായണൻ അനുജൻ നമ്പൂതിരിപ്പാട് ശ്രീകോവിലിൽ നിന്നു പകർന്നെടുത്ത ദീപം അടുപ്പിൽ പകർന്നതോടെ പൊങ്കാല അർപ്പണത്തിനു തുടക്കമായി.

പണ്ടാര അടുപ്പിൽ നിന്നു പകർന്ന തീ അടുത്തടുത്ത അടുപ്പുകളിലേക്കു കൈമാറി. ആത്മാവിൽ ദേവീചൈതന്യം നിറഞ്ഞ് സ്ത്രീഭക്തജനങ്ങൾ പൊങ്കാലയടുപ്പുകളിൽ തീ പകർന്നു.

മന്ത്രി കടകംപള്ളി സുരേന്ദ്രൻ, തിരുവനന്തപുരം പാർലമെന്റ് മണ്ഡലം സ്ഥാനാർത്ഥികളായ ശശി തരൂർ, സി. ദിവാകരൻ, കുമ്മനം രാജശേഖരൻ, വി.എസ്. ശിവകുമാർ എം.എൽ.എ, മേയർ വി.കെ. പ്രശാന്ത്, മേൽശാന്തി പി. രാധാകൃഷ്ണൻ നമ്പൂതിരി, ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ എം. വിക്രമൻ നായർ, സെക്രട്ടറി വി. അശോക് കുമാർ, നഗരസഭാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരായ കെ. ശ്രീകുമാർ, എസ്. പുഷ്പലത, കൗൺസിലർമാരായ ഹിമ സിജി, ആർ.സി. ബീന തുടങ്ങിയവർ സന്നിഹിതരായിരുന്നു. ക്ഷേത്രപരിസരത്തിന് പുറമേ ചാക്ക മുതൽ കൊച്ചുവേളി വരെയുള്ള നാല് കിലോമീറ്റർ ചുറ്റളവിൽ പൊങ്കാലയടുപ്പുകൾ നിരന്നിരുന്നു.

പൊങ്കാലയുടെ ഭാഗമായി ക്ഷേത്ര തന്ത്രി പുലിയന്നൂർ ഇല്ലത്ത് നാരായണൻ അനുജൻ നമ്പൂതിരിപ്പാട് പണ്ടാര അടുപ്പിൽ തീ പകർന്നപ്പോൾ. മേൽശാന്തി പി. രാധാകൃഷ്ണൻ നമ്പൂതിരി, മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ലോക് സഭാ സ്ഥാനാർത്ഥികളായ ശശി തരൂർ, സി. ദിവാകരൻ, വി.എസ്. ശിവകുമാർ എം.എൽ.എ, മേയർ വി.കെ. പ്രശാന്ത്, ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ എം. വിക്രമൻ നായർ, സെക്രട്ടറി വി. അശോക് കുമാർ, നഗരസഭാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരായ കെ. ശ്രീകുമാർ, എസ്. പുഷ്പലത, കൗൺസിലർ ഹിമ സിജി എന്നിവർ സമീപം

ഉച്ചയ്ക്ക് 2.15ന് തങ്കത്തിൽ പൊതിഞ്ഞ ദേവിയുടെ ഉടവാൾ പൊങ്കാലക്കളത്തിൽ എഴുന്നള്ളിച്ച് തർപ്പണം നടത്തിയതോടെ ഭക്തലക്ഷങ്ങളുടെ ഒരു വർഷം നീണ്ട കാത്തിരിപ്പിന് സമാപനമായി. പൊങ്കാല നിവേദിക്കാൻ 150 ശാന്തിമാരെയാണ് നിയോഗിച്ചിരുന്നത്.

പൊങ്കാലഅർപ്പിക്കുന്നടാൻസ്ജെൻഡേഴ്സ്

നൂറ്റാണ്ടുകൾ പഴക്കമുള്ള ദേവിയുടെ ഉടവാൾ തൊട്ടുവണങ്ങാനുള്ള അവസരവും പൊങ്കാലനിവേദ്യ വേളയിൽ ഭക്തർക്ക് ലഭിച്ചു. പൊങ്കാലതർപ്പണത്തിന് ശേഷം മുന്നമണിയോടെ നടയടച്ചു.

വൈകിട്ട് 4.30ന് നടതുറന്നു. തുടർന്ന് ദീപാരാധനയും ഭഗവതിസേവയും പുഷ്പാഭിഷേകവും നടന്നു. കഴിഞ്ഞ രണ്ടുദിവസങ്ങളിലായാണ് പുറത്തെഴുന്നള്ളത്ത് നടന്നത്. പൊങ്കാലയർപ്പണത്തിനുശേഷം രാത്രി അത്താഴപൂജ നടന്നു. പരമ്പരാഗത വാദ്യമേളങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും അകമ്പടിയോടെ ദേവിയുടെ ഉടവാൾ കളത്തിൽ എഴുന്നള്ളിച്ച് ഗുരുസിയോടെ പൊങ്കാല ഉത്സവത്തിന് സമാപനമായി.

ദേവീദർശനത്തിനായി വൻഭക്തജനത്തിരക്കാണ് അനുഭവപ്പെട്ടത്. മുൻ വർഷങ്ങളെക്കാൾ കൂടുതൽ ഭക്തർ ഇത്തവണ പൊങ്കാലയിൽ പങ്കെടുത്തുവെന്ന് ക്ഷേത്ര ഭാരവാഹികൾ പറഞ്ഞു. മാലിന്യം നീക്കം ചെയ്യുന്നതിനായി കോർപറേഷൻ ജീവനക്കാരെ നിയോഗിച്ചിരുന്നു. വൈകിട്ടോടെ ശുചീകരണം പൂർത്തിയായി.

പൊങ്കാലയ്ക്കായി മികച്ച സൗകര്യങ്ങളാണ് ക്ഷേത്രകമ്മിറ്റിയും അധികൃതരും ഇത്തവണ ഒരുക്കിയിരുന്നത്. ഹരിതചട്ടം ഫലപ്രദമായി നടപ്പാക്കിക്കൊണ്ടായിരുന്നു പൊങ്കാലയർപ്പണം. സുരക്ഷയ്ക്കായി അഞ്ഞൂറോളം വനിതാ പൊലീസുകാരെ നിയോഗിച്ചിരുന്നു.

കടുത്ത വേനൽ കണക്കിലെടുത്ത് ആവശ്യത്തിന് കുടിവെള്ളം വിതരണം ചെയ്യാനുള്ള സംവിധാനവും ഒരുക്കിയിരുന്നു. കെ.എസ്.ആർ.ടി.സി ജില്ലയിലെ വിവിധ ഡിപ്പോകളിൽനിന്ന് ക്ഷേത്രത്തിലേക്കും തിരിച്ചും സർവീസ് നടത്തി. ഇന്ന് രാവിലെ 7.30 ന് നടതുറക്കും.

നവോത്ഥാന മൂല്യ സംരക്ഷണസമിതി താലൂക്ക് കമ്മിറ്റി

തിരുവനന്തപുരം : നവോത്ഥാന മൂല്യസംരക്ഷണസമിതി തിരുവനന്തപുരം താലൂക്ക് കമ്മിറ്റി രൂപീകരിച്ചു. ജില്ലാ സെക്രട്ടേറിയറ്റ് അംഗം ആർ. ജയറാമിന്റെ അദ്ധ്യക്ഷതയിൽ വെള്ളയമ്പലം അനിമേഷൻ സെന്ററിൽ കൂടിയ യോഗം ജില്ലാ ചെയർമാൻ ഫാ. യൂജിൻ പെരേര ഉദ്ഘാടനം ചെയ്തു. താലൂക്ക് കമ്മിറ്റി ഭാരവാഹികളായി ഇടവക്കോട് രാജേഷ് (ചെയർമാൻ), എ. അബ്ദുള്ള, ചാലക്കുഴി ഗോപി, ഷേർളി (വൈസ് ചെയർമാൻമാർ), ആർ. ജയറാം (കൺവീനർ), ജെ. അരവിന്ദൻ, മിനിഷാജി, തോപ്പിൽ അജി (ജോയിന്റ് കൺവീനർമാർ), ബാബു നന്തൻകോട് (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തതായി ജില്ലാ കൺവീനർ ആലുവിള അജിത്ത് അറിയിച്ചു. ഫാ. ജോർജ് വർഗീസ് സ്വാഗതവും സുരേഷ് നന്ദിയും പറഞ്ഞു.

ഇടവക്കോട് രാജേഷ്

ഡോ. വട്ടവിള വിജയകുമാറിന് പുരസ്കാരം

തിരുവനന്തപുരം : അനന്തപുരി നെയ്യാറ്റിൻകര സൗഹൃദവേദിയുടെ ഡോ. ജി. രാമചന്ദ്രൻ പുരസ്കാരം ഡോ. വട്ടവിള വിജയകുമാറിന്റെ 'മഷിപേനയിലേക്കു മടങ്ങാം' എന്ന പുസ്തകത്തിന് ലഭിച്ചു. പതിനൊന്നായിരത്തി ഒരുനൂറ്റി പതിനൊന്ന് രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്ന പുരസ്കാരം സൗഹൃദ വേദിയുടെ രണ്ടാം വാർഷിക ദിനമായ മേയ് 11ന് നൽകുമെന്ന് യോഗത്തിൽ അദ്ധ്യക്ഷനായിരുന്ന പ്രസിഡന്റ് ബി.ഡി. മാസ്റ്റർ അറിയിച്ചു. ജനറൽ സെക്രട്ടറി വി. വിജയകുമാർ, രവീന്ദ്രനാഥ് പണിക്കർ, വി.കെ. അനിൽകുമാർ, പ്രതാപ ചന്ദ്രൻ. എസ്, ജി. സന്തോഷ്, എൻ.ആർ.സി. നായർ, കെ. രാധാകൃഷ്ണൻ നായർ തുടങ്ങിയവർ പ്രസംഗിച്ചു.

ബി ഹാർ ഹിന്ദി സാഹിത്യ സമ്മേളന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് നൽകുന്ന ശതാബ്ദി പുരസ്കാരം ലഭിച്ച കേരള സർവകലാശാല ഹിന്ദി വിഭാഗം മുൻ മേധാവിയും ഡീനും കേരള ഹിന്ദി പ്രചാരസഭ മുൻ അദ്ധ്യക്ഷയുമായ ഡോ. എസ്. തങ്കമണി അമ്മ. ഹിന്ദി ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സമഗ്ര സംഭാവനയ്ക്കാണ് പുരസ്കാരം. 26ന് പാട്നയിൽ നടക്കുന്ന ചടങ്ങിൽ ഗോവ ഗവർണർ മൃദുല സിൻഹ പുരസ്കാരം നൽകും

അഴൂരിൽ ഗുണ്ടാവിളയാട്ടം; മൂന്ന് പേർക്ക് വെട്ടേറ്റു

ചിറയിൻകീഴ്: അഴൂർ കോളിച്ചിറയിൽ ഏഴംഗ സംഘം മൂന്ന് പേരെ വെട്ടിപരിക്കേല്പിക്കുകയും മൂന്ന് പേരെ മർദ്ദിക്കുകയും ചെയ്തു. അഴൂർ കോളിച്ചിറ തൊടിയിൽവീട്ടിൽ കണ്ണൻ, ഇയാളുടെ സഹോദരൻ ഉണ്ണി, ബന്ധുവായ ഗിരിജ എന്നിവർക്കാണ് വെട്ടേറ്റത്.

ഗിരിജയുടെ ഭർത്താവ് മോഹനൻ, കണ്ണന്റെ ഭാര്യ മീര, ഇവരുടെ അമ്മ ഉഷ എന്നിവർക്കാണ് മർദ്ദനമേറ്റത്. കഴുത്തിലും മുതുകിലും കണങ്കാലിലുമായി കണ്ണന് ഏഴോളം വെട്ടേറ്റു. ഉണ്ണിയുടെ കാലിലും ഗിരിജയുടെ വലതു കൈപ്പത്തിയിലുമാണ് വെട്ടേറ്റത്. സംഭവവുമായി ബന്ധപ്പെട്ട് കോളിച്ചിറ സ്വദേശിയായ കണ്ണൻ, അനീഷ് എന്നിവർ പൊലീസ് പിടിയിലാണ്.

കഴിഞ്ഞ ദിവസമായിരുന്നു സംഭവം. കണ്ണൻ സഞ്ചരിച്ചിരുന്ന ബൈക്ക് അക്രമികൾ തടഞ്ഞു നിറുത്തുകയും ഇയാളെ ചവിട്ടി വീഴ്ത്തി കഴുത്തിൽ വെട്ടുകയുമായിരുന്നു. പ്രാണരക്ഷാർത്ഥം കണ്ണൻ ബന്ധുവായ ഗിരിജയുടെ വീട്ടിലേക്ക് ഓടിക്കയറിയെങ്കിലും പിന്നാലെയെത്തിയ സംഘം വീടിന്റെ കതക് തള്ളിത്തുറന്ന് അകത്തു കയറി വീണ്ടും വെട്ടുകയും ചെയ്തു.

ആക്രമണത്തിൽ പരിക്കേറ്റവർ ആശുപത്രിയിൽ

ഇത് തടയാൻ ശ്രമിച്ചപ്പോഴാണ് ഗിരിജയുടെ കൈവിരലിന് വെട്ടേറ്റത്. സംഭവം അറിഞ്ഞെത്തിയ കണ്ണന്റെ അനുജൻ ഉണ്ണിയെ വെട്ടുകയും മോഹനൻ, മീര, ഉഷ എന്നിവരെ മർദ്ദിക്കുകയും ചെയ്തു. കഞ്ചാവ് മാഫിയയാണ് ആക്രമണത്തിന് പിന്നിലെന്ന് പൊലീസ് പറയുന്നു.

കോളിച്ചിറയിലും പരിസര പ്രദേശങ്ങളിലും നടക്കുന്ന കഞ്ചാവ് വില്പന തടയുന്നതിന്റെ ഭാഗമായി നാട്ടിലെ യുവാക്കൾ പൊലീസിൽ പരാതി നൽകിയിരുന്നു. ഇതിന്റെ വൈരാഗ്യത്തിൽ രണ്ടുമാസം മുമ്പ് അനന്തു എന്ന യുവാവിനെ വെട്ടിപരിക്കേല്പിച്ചു. ഇതിനെതിരെയും നാട്ടുകാർ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അക്രമികളെ അറസ്റ്റ് ചെയ്തിരുന്നു. ഇതിന്റെ വൈരാഗ്യമാവാം ആക്രമണത്തിന് പിന്നിലെന്ന് പൊലീസ് പറഞ്ഞു. വെട്ടേറ്റവർ ആശുപത്രിയിൽ ചികിത്സ തേടി.

വീട് കുത്തിത്തുറന്ന് 45 പവൻ കവർന്നു

കിളിമാനൂർ: കിളിമാനൂർ പൊലീസ് സ്റ്റേഷൻ പരിധിയിൽ മുളയ്ക്കലത്തുകാവിൽ വീടിന്റെ മുൻവാതിൽ തകർത്ത് 45 പവൻ സ്വർണാഭരണങ്ങളും നാല്പതിനായിരം രൂപയും കവർന്നു.

മുളയ്ക്കലത്തുകാവ് ആർ.എസ് ഹൗസിൽ പി. രാജേന്ദ്രന്റെ വീട്ടിലാണ് മോഷണം നടന്നത്. തിങ്കളാഴ്ച രാത്രിയിലാണ് സംഭവം. വീടിന്റെ മുൻവാതിലിന്റെ പൂട്ട് പൊളിച്ച മോഷ്ടാക്കൾ മുറിക്കുള്ളിലെ ഇരുമ്പ് അലമാരയിൽ സൂക്ഷിച്ചിരുന്ന ആഭരണങ്ങളും പണവുമാണ് കവർന്നത്. തിങ്കളാഴ്ച രാജേന്ദ്രനും ഭാര്യയും വാമനപുരത്തുള്ള മകളുടെ വീട്ടിൽ പോയിരുന്നു. ചൊവ്വാഴ്ച രാവിലെ വീടിന്റെ മുൻവാതിൽ തുറന്ന് കിടക്കുന്നതുകണ്ട അയൽവാസിയായ ഭാര്യാസഹോദരൻ ഫോണിൽ വിളിച്ച് വിവരം അറിയിക്കുകയായിരുന്നു. കിളിമാനൂർ പൊലീസ് അന്വേഷണം ആരംഭിച്ചു.

തെരുവുനായ ആക്രമണത്തിൽ രണ്ടരവയസുകാരന് പരിക്ക്

മലയിൻകീഴ് : മൂലമൺ അംഗൻവാടിയിൽനിന്നു അമ്മുമ്മയോടൊപ്പം വീട്ടിലേക്ക് പോവുകയായിരുന്ന രണ്ടരവയസുകാരനെ തെരുവ് നായ ആക്രമിച്ചു. മലയം ഗലേതിൽ സുമേഷ്-വിദ്യ ദമ്പതികളുടെ മകൻ ദീക്ഷിതിന് നേരെയാണ് തെരുവുനായയുടെ അക്രമണമുണ്ടായത്.

ഇന്നലെ വൈകിട്ട് ചിറയിൽ കളത്തിനടുത്തായിരുന്നു സംഭവം. നായയുടെ ആക്രമണത്തിൽ കാലിൽ മുറിവേറ്റ കുട്ടിയെ ഉടൻ മലയിൻകീഴ് താലൂക്ക് ആശുപത്രിയിലും അവിടെ നിന്നു ജനറൽ ആശുപത്രിയിലേക്കും കൊണ്ടു പോയി. മാസങ്ങൾക്കു മുൻപ് പേപ്പട്ടി ആക്രമണം രൂക്ഷമായ വിളവൂർക്കലിൽ തെരുവുനായ നിയന്ത്രണത്തിന് പഞ്ചായത്ത് 1.30-ലക്ഷം രൂപ ചെലവഴിച്ചിരുന്നു. എന്നിട്ടും മലയം ഭാഗത്ത് ആടിനെയും കോഴിയെയും നായകൾ ആക്രമിക്കുന്നതായി പരാതിയുണ്ട്. പഞ്ചായത്തിന്റെ നടപടി ഫലം കാണാത്തതിനാൽ അധികൃതർക്ക് പരാതി നൽകാനൊരുങ്ങുകയാണ് നാട്ടുകാർ.

കരമന അനന്തു കൊലക്കേസ്

പൊലീസിനെ വെട്ടിച്ച് അവസാന പ്രതി

■ മൊബൈൽഫോൺ ഓൺചെയ്തിട്ടില്ല, അന്വേഷണവും വഴിമുട്ടി

തിരുവനന്തപുരം : തലസ്ഥാന നഗരത്തെ ഞെട്ടിച്ച അനന്തു ഗിരീഷ് (21) കൊലപാതക കേസിലെ അവസാനപ്രതി ഒരാഴ്ചയായി പൊലീസിനെ തന്ത്രപരമായി കബളിപ്പിക്കുന്നു.

കൊലപാതകത്തിൽ നേരിട്ട് പങ്കുള്ള പ്രാവച്ചമ്പലം സ്വദേശി സുമേഷിനെയാണ് പൊലീസിന് ഇതുവരെയും പിടികൂടാൻ കഴിയാത്തത്. ഒളിവിൽ പോയ ആദ്യദിവസങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗിച്ച പ്രതി രണ്ട് ദിവസത്തിന് ശേഷം ഫോൺ ഓൺ ചെയ്തിട്ടില്ല. തുടർന്നുള്ള അന്വേഷണത്തിനും പിടിയിലായ പ്രതികളുടെ മൊഴിയിൽ നിന്നും ഇയാൾ അന്യസംസ്ഥാനത്തേക്ക് കടന്നതായാണ് വിവരം. എന്നാൽ ഇതിലും വ്യക്തതയില്ല. കേസിലെ മറ്റുള്ള 13 പ്രതികളും റിമാൻഡിലാണ്.

കഴിഞ്ഞ ബുധനാഴ്ച നീറമൺകര ബി.എസ്.എൻ.എല്ലിന്റെ പുറമ്പോക്ക് ഭൂമിയിൽ നിന്ന് അനന്തുവിന്റെ മൃതദേഹം ലഭിച്ചതിന് പിന്നാലെ 5 പേരെയും തുടർന്നുള്ള ദിവസങ്ങളിൽ മറ്റുള്ള പ്രതികളെയും പിടികൂടുകയായിരുന്നു.

ചൊവ്വാഴ്ച വൈകിട്ട് അനന്തുവിനെ തട്ടിക്കൊണ്ട് പോയ ശേഷം അനന്തുവിന്റെ കൂട്ടുകാർ കൊലയാളി സംഘത്തിൽപെട്ട അരുൺബാബുവിനെ തട്ടിക്കൊണ്ട് പോകാൻ ശ്രമിച്ചിരുന്നു. അരുൺബാബുവിനെ കാണാനില്ലെന്ന പരാതിയിൽ പൊലീസ് അന്വേഷണം ആരംഭിച്ചതോടെ ഇയാളെ അനന്തുവിന്റെ കൂട്ടുകാർ വഴിയിൽ ഉപേക്ഷിച്ചു. അനന്തു കൊല്ലപ്പെട്ടതിന് പിന്നാലെ പൊലീസ് അരുൺബാബുവിനെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തതോടെയാണ് മറ്റുള്ളവർ പിടിയിലായത്. എന്നാൽ അവസാനപ്രതി സുമേഷിനെ കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ മറ്റുള്ള പ്രതികളിൽ നിന്ന് പൊലീസിന് ലഭിച്ചിട്ടില്ല.

ഇ.എം.എസിന് ദീപ്തമായ സ്മരണാഞ്ജലി

തിരുവനന്തപുരം: ആധുനിക കേരളത്തിന്റെ ശില്പിയും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അതുല്യ നേതാവുമായ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ അനുസ്മരണ ദിനം വിപുലമായി ആചരിച്ചു. നിയമസഭയ്ക്കുമുന്നിലെ ഇ.എം.എസ് പാർക്കിൽ നടന്ന അനുസ്മരണ പരിപാടിയിൽ സമൂഹത്തിന്റെ നാനാതുറയിൽ നിന്നുള്ള ജനാവലി പങ്കെടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ, സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, ഭരണപരിഷ്കാര കമ്മിഷൻ ചെയർമാൻ വി.എസ്. അച്യുതാനന്ദൻ എന്നിവരുടെ നേതൃത്വത്തിൽ ഇ.എം.എസ് പ്രതിമയിൽ പുഷ്പാർച്ചന നടത്തി. സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, മേയർ വി.കെ. പ്രശാന്ത്, എൽ.ഡി.എഫ് സ്ഥാനാർത്ഥികളായ സി. ദിവാകരൻ, എ. സമ്പത്ത് എന്നിവരും പുഷ്പാർച്ചനയിൽ പങ്കെടുത്തു. കോടിയേരി ബാലകൃഷ്ണൻ അനുസ്മരണ പ്രഭാഷണം നടത്തി. സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ, ഏരിയാ സെക്രട്ടറി സി. പ്രസന്നകുമാർ എന്നിവരും സംസാരിച്ചു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ, എം. വിജയകുമാർ, കോലിയക്കോട് കൃഷ്ണൻനായർ, വി. ശിവൻകുട്ടി, ചെറിയാൻ ഫിലിപ്, ഇ.എം.എസിന്റെ മകൾ ഇ.എം. രാധ, കുടുംബാംഗങ്ങൾ തുടങ്ങിയവരും സന്നിഹിതരായി.

കെൽട്രോണിൽ ഫയർ ആൻഡ് സേഫ്ടി ഡിപ്ലോമ കോഴ്സ്

തിരുവനന്തപുരം: ഒരു വർഷം ദൈർഘ്യമുള്ള ഫയർ ആൻഡ് സേഫ്ടി പ്രൊഫഷണൽ ഡിപ്ലോമകോഴ്സിലേക്ക്കെൽട്രോണിന്റെ സ്പെൻസർ ജംഗ്ഷനിലുള്ള നോളഡ്ജ് സെന്ററിൽ പ്രവേശനം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9388338357, 8590733511

മാർബിൾ ആൻഡ് ഗ്രാനൈറ്റ് ഡീലേഴ്സ് അസോ. കൺവെൻഷൻ

തിരുവനന്തപുരം: മാർബിൾ ആൻഡ് ഗ്രാനൈറ്റ് ഡീലേഴ്സ് അസോസിയേഷൻ കൊല്ലം ജില്ലാ കൺവെൻഷൻ നൃരാജസ്ഥാൻ മാർബിൾസ് എം.ഡി സി. വിഷ്ണുഭക്തൻ ഉദ്ഘാടനം ചെയ്തു.

വ്യാപാരികളിൽ നിന്നു രാഷ്ട്രീയക്കാർ പല ആവശ്യങ്ങൾക്കും പണം വാങ്ങുകയും, ഹർത്താൽ നടക്കുമ്പോൾ വ്യാപാരികളെ ഭീഷണിപ്പെടുത്തി കട അടപ്പിക്കുകയും സ്ഥാപനങ്ങൾ അടിച്ചുതകർക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് സ്വീകരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാന സെക്രട്ടറി ജി. വിജയന്റെ അദ്ധ്യക്ഷതയിൽ എൻ.കെ. പ്രേമചന്ദ്രൻ എം.പി മുഖ്യാതിഥിയായി.

മാർബിൾ ഗ്രാനൈറ്റ് വ്യാപാരികൾ അസംഘടിതരാണെന്നും ഒറ്റക്കെട്ടായി പോരാടിയാൽ മാത്രമേ ആവശ്യങ്ങൾ നേടിയെടുക്കാൻ സാധിക്കുകയുള്ളുവെന്നും മാറി മാറി വരുന്ന സർക്കാരുകളിൽ നിന്നു മാർബിൾ വ്യാപാരികൾക്ക് നീതി ലഭിച്ചിട്ടില്ലെന്നും എൻ.കെ. പ്രേമചന്ദ്രൻ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. മുതിർന്ന വ്യാപാരി ജി. വിജയനെ എൻ.കെ. പ്രേമചന്ദ്രൻ ആദരിച്ചു. മെഹർഖാൻ, ഷാജഹാൻ, അജയൻ, ബൈജു, അശോകൻ, ഗിരീഷ്, ജമാലുദ്ദീൻ, നൗഷാദ്, സക്കീർ ഹുസൈൻ എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി മെഹർഖാൻ (പ്രസിഡന്റ്), ബൈജു (സെക്രട്ടറി), ഷാജഹാൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

മാർബിൾ ആൻഡ് ഗ്രാനൈറ്റ് ഡീലേഴ്സ് അസോസിയേഷൻ കൊല്ലം ജില്ലാ കൺവെൻഷനിൽ എൻ.കെ. പ്രേമചന്ദ്രൻ എം.പി മുഖ്യപ്രഭാഷണം നടത്തുന്നു. നൃരാജസ്ഥാൻ മാർബിൾസ് എം.ഡി സി. വിഷ്ണുഭക്തൻ, മെഹർഖാൻ, ഷാജഹാൻ, അജയൻ, ബൈജു, അശോകൻ, ഗിരീഷ്, ജമാലുദ്ദീൻ, നൗഷാദ്, സക്കീർ ഹുസൈൻ എന്നിവർ സമീപം

സംസ്ക്കാരം ഇന്ന്



ഐ. റോബർട്ട് ബ്രൂസ് (90)
റ്റി.സി. 11/632, ചേതന, നന്തൻകോട്

രാവിലെ 8 മുതൽ 10 വരെ നന്തൻകോട് ചേതനയിലെ ശുശ്രൂഷയ്ക്കുശേഷം വൈകിട്ട് 3 മണിക്ക് അമരവിളയിൽ സംസ്ക്കരിക്കുന്നു.

സന്തപ്ത കുടുംബാംഗങ്ങൾ, ബന്ധുമിത്രാദികൾ